# മനുഷ്യാവകാശ പ്രഖ്യാപനം

**ദൈവദാസന്മാരേ!** നിങ്ങളേവരെയും ആദ്യമായി എന്നെത്തന്നെയും ഞാനനുശാസിക്കുന്നു; അല്ലാഹുവിനോട് കൂറും ഭക്തിയും ഉള്ളവരായി വർത്തിക്കാൻ.

ജനങ്ങളേ! എന്റെ വാക്ക് സശ്രദ്ധം ശ്രവിക്കുവിൻ. ഒരുപക്ഷേ ഈ കൊല്ലത്തിനു ശേഷം നിങ്ങളുമായി ഇതേ നിലയിൽ സന്ധിക്കാൻ മറ്റൊരവസരത്തിൽ കഴിഞ്ഞില്ലെന്നു വരാം.

ജനങ്ങളേ, നിങ്ങൾക്ക് നിങ്ങളുടെ രക്തവും ധനവും അഭിമാനവും പാവനമാണ്. നിങ്ങളുടെ ദൈവവുമായി കണ്ടുമുട്ടുന്നതുവരെ; ഈ ദിനത്തിന്റെ, ഈ മാസത്തിന്റെ, ഈ നാട്ടിന്റെ പാവനത എത്രമാത്രമാണോ അത്രതന്നെ. അതിനാൽ നിങ്ങൾ അവയുടെ മേൽ പരസ്പരം കൈയേറ്റം നടത്തരുത്. നിങ്ങളുടെ നാഥനുമായി നിങ്ങളൊരിക്കൽ സന്ധിക്കുന്നതായിരിക്കും. തദവസരം നിങ്ങളുടെ ചെയ്തികളെ പറ്റി അവൻ ചോദ്യം ചെയ്യും. അതുകൊണ്ട് വല്ലവന്റെ പക്കലും വല്ല അനാമത്തും ഉണ്ടെങ്കിൽ അതിന്റേതായ അവകാശിക്കു തിരിച്ചേൽപിച്ചുകൊള്ളട്ടെ.

അറിഞ്ഞുകൊള്ളുക, അനിസ്‌ലാമികത്വത്തിന്റേതായ പലിശ ഇടപാട് മുഴുവൻ റദ്ദുചെയ്യപ്പെട്ടിരിക്കുന്നു. നിങ്ങളുടേതായ മൂലധനം നിങ്ങൾക്കുണ്ടായിരിക്കും; നിങ്ങളാരും മർദിതരോ മർദകരോ ആവാതെ. പലിശ ഇടപാടൊന്നും വേണ്ടെന്ന് അല്ലാഹു കണിശമായി തീരുമാനിച്ചിരിക്കുന്നു. ഏറ്റവും ആദ്യമായി ഞാൻ റദ്ദുചെയ്യുന്നത് എന്റെ പിതൃവ്യനായ അബ്ബാസുബ്നു അബ്ദിൽ മുത്ത്വലിബിന്റെ പലിശയാണ്. അറിഞ്ഞുകൊള്ളുക, അനിസ്‌ലാമികത്വത്തിന്റേതായ എല്ലാ രക്തപ്പകയും പ്രതികാര നടപടിയും റദ്ദുചെയ്യപ്പെട്ടിരിക്കുന്നു. ഏറ്റവും ആദ്യമായി ഞാൻ റദ്ദുചെയ്യുന്നത് ഹാരിസുബ്നു അബ്ദിൽ മുത്ത്വലിബിന്റെ മകൻ റബീഅത്തിന്റെ പുത്രനായ ആമിറിന്റെ (എന്റെ പിതൃവ്യപൗത്രന്റെ) രക്തപ്പകയാണ്. ബനൂലൈസ് ഗോത്രത്തിൽ മുലകുടിച്ചു വർത്തിച്ചിരിക്കവേ ആമിറിനെ ഹുദൈൽ ഗോത്രം കൊന്നുകളഞ്ഞുവല്ലോ. അറിഞ്ഞുകൊള്ളുക, അനിസ്‌ലാമികത്വത്തിന്റേതായ സകല ചിഹ്നങ്ങളെയും ആചാരോപചാരങ്ങളെയും ഞാനിതാ എന്റെ പാദങ്ങൾക്കടിയിൽ റദ്ദുചെയ്യുന്നു. എന്നാൽ കഅ്ബാ പരിപാലനവും ഹാജിമാർക്കുള്ള ജലദാനവും ഇക്കൂട്ടത്തിൽനിന്ന് വ്യത്യസ്തങ്ങളത്രെ.

കൽപിച്ചുകൂട്ടിയുള്ള കൊലപാതകത്തിൽ പകരത്തിനു പകരമുണ്ട്. എന്നാൽ വല്ല വടിയോ കല്ലോ പ്രയോഗിക്കുക നിമിത്തം അബദ്ധത്തിൽ മരണം സംഭവിച്ചാൽ നൂറൊട്ടകമത്രെ നഷ്ടപരിഹാരം. അതിൽ കവിഞ്ഞ നഷ്ടപരിഹാരം ആവശ്യപ്പെടൽ അനിസ്‌ലാമികമാണ്.

ജനങ്ങളേ! പിശാച് ഈ മണ്ണിൽ വെച്ച് അവൻ ഇബാദത്ത് ചെയ്യപ്പെടുന്നതിൽനിന്ന് ഇഛാഭംഗപ്പെട്ടിട്ടുണ്ട്. പക്ഷേ നിങ്ങൾ നിസ്സാരമായി കരുതുന്ന നിങ്ങളുടെ കർമങ്ങളിൽ അവൻ അനുസരിക്കപ്പെടുന്നുവെങ്കിൽ തീർച്ചയായും അവൻ സംതൃപ്തിയടയും. അതുകൊണ്ട് സ്വന്തം ദീനിന്റെ കാര്യത്തിൽ സദാ ജാഗരൂകരായിരിക്കുക.

ജനങ്ങളേ! അവിശ്വാസത്തിൽ ഒരു ആധിക്യം തന്നെയാണ്, യുദ്ധം നിരോധിച്ച മാസങ്ങളെ മാറ്റി നിശ്ചയിക്കൽ. അവിശ്വസിച്ചവർ അതുവഴി കൂടുതൽ വ്യതിചലിക്കുകയാണ്. അവർ ഒരേ മാസത്തെ ഒരു വർഷം ഹലാലും

മറു വർഷം ഹറാമുമാക്കി വെക്കുന്നു. അല്ലാഹു ഹറാമാക്കിയ മാസങ്ങളോട് എണ്ണമൊപ്പിക്കാൻ വേണ്ടി. അങ്ങനെ അവർ അല്ലാഹു ഹറാമാക്കിയതിനെ ഹലാലാക്കുന്നു; അവൻ ഹലാലാക്കിയതിനെ ഹറാമാക്കുകയും ചെയ്യുന്നു. യാഥാർഥ്യമാകട്ടെ ആകാശഭൂമികളെ അല്ലാഹു സംവിധാനിച്ച അന്നത്തെപ്പോലെത്തന്നെയാണ് കാലചക്രം കറങ്ങിപ്പോന്നിട്ടുള്ളത്. ആകാശ ഭൂമികളെ അല്ലാഹു സംവിധാനിച്ച അന്ന് മാസങ്ങളുടെ എണ്ണം ദൈവഗ്രന്ഥത്തിൽ പന്ത്രണ്ടുതന്നെയാണ്. കൂട്ടത്തിൽ നാലെണ്ണം – ദുൽഖഅ്ദഃ ദുൽഹജ്ജഃ, മുഹർറം, റജബ് – യുദ്ധനിഷിദ്ധമാസങ്ങളത്രെ.

ജനങ്ങളേ! നിങ്ങളെ സംബന്ധിച്ച് നിങ്ങളുടെ പത്നിമാർക്കൊരു കർത്തവ്യമുള്ളതുപോലെ, അവരെ സംബന്ധിച്ച് നിങ്ങൾക്കുമൊരു കർത്തവ്യമുണ്ട്. അവർ നിങ്ങൾക്കിഷ്ടമില്ലാത്തവരെ നിങ്ങളുടെ വിരിപ്പുകളിൽ ചവിട്ടിക്കരുത്. നിങ്ങളുടെ സമ്മതമില്ലാതെ വീട്ടിൽ പ്രവേശിപ്പിക്കുകയുമരുത്. ഇതാകുന്നു അവരുടെ കർത്തവ്യം. സ്പഷ്ടമായ നീചവൃത്തി ചെയ്യാതിരിക്കലും അവരുടെ കടമയാകുന്നു. അങ്ങനെ ചെയ്യുന്നപക്ഷം അവരോട് ശയ്യകളിൽ വേറിട്ടുനിൽക്കാനും പോരെങ്കിൽ അപായകരമല്ലാത്ത അടി കൊടുക്കാനും നിങ്ങളെ അല്ലാഹു അനുവദിച്ചിരിക്കുന്നു. അങ്ങനെ അവർ അതിൽനിന്ന് പിന്മാറിയാൽ മാനമര്യാദയനുസരിച്ച് അവർക്ക് ഭക്ഷണവും വസ്ത്രവും നൽകൽ നിങ്ങളുടെ കർത്തവ്യമാണ്. സ്ത്രീകൾ നിങ്ങളുടെ പക്കൽ നിബദ്ധരാണ്. അവർക്ക് സ്വന്തമായി യാതൊന്നുമില്ല. അല്ലാഹുവിന്റെ അനാമത്തായാണ് അവരെ നിങ്ങൾ കൈക്കൊണ്ടിട്ടുള്ളത്. അവന്റെ തിരുമൊഴി പ്രകാരമാണ് അവരുമായുള്ള സംഭോഗം നിങ്ങൾക്കനുവദനീയമാക്കിയിരിക്കുന്നത്. അതിനാൽ ജനങ്ങളേ, എന്റെ വാക്ക് ശരിക്കും ശ്രവിക്കുവിൻ.

ജനങ്ങളേ! നിങ്ങളുടെ മുമ്പിൽ ഒരു സംഗതി വിട്ടുവെച്ചാണ് ഞാൻ പോവുന്നത്. അതിനെ മുറുകെ പിടിക്കുന്നതായാൽ എന്റെശേഷം നിങ്ങൾ ഒരിക്കലും പിഴച്ചുപോവുന്നതല്ല. അല്ലാഹുവിന്റെ ഗ്രന്ഥവും റസൂലിന്റെ ചര്യയുമത്രെ അത്.

ജനങ്ങളേ! ഓരോ മുസ്‌ലിമും ഇതര മുസ്‌ലിമിന്റെ സഹോദരനാകുന്നു. മുസ്‌ലിംകൾ പരസ്പരം സഹോദരന്മാർ തന്നെ. അതിനാൽ മനസ്സംതൃപ്തിയോടെ സഹോദരൻ നൽകുന്ന ധനമല്ലാതെ മറ്റൊന്നും അനുഭവിക്കാൻ പാടുള്ളതല്ല. നിങ്ങൾ സ്വയം ദ്രോഹിക്കരുത്. എനിക്കു ശേഷം പരസ്പരം കഴുത്തറുത്തുകൊണ്ട് അവിശ്വാസികളായിത്തീരരുത്.

മാനവസമുദായമേ! നിങ്ങളുടെ ദൈവം ഒന്ന്. നിങ്ങളുടെ പിതാവ് ഒന്ന്. നിങ്ങളെല്ലാം ആദമിൽനിന്നുണ്ടായതാണ്. ആദമോ, മണ്ണിൽനിന്നും. കൂടുതൽ ദൈവഭക്തിയുള്ളവനാരോ അവനത്രെ അല്ലാഹുവിങ്കൽ കൂടുതൽ ശ്രേഷ്ഠൻ. അറബിക്ക് അറബിയല്ലാത്തവനേക്കാളോ അനറബിക്ക് അറബിയേക്കാളോ തഖ്‌വ കൊണ്ടല്ലാതെ യാതൊരു മഹത്വവുമില്ല.

മുസ്‌ലിംകളേ! എനിക്കു ശേഷം ഒരു പ്രവാചകനില്ല. നിങ്ങൾക്കു ശേഷം ഒരു സമുദായവുമില്ല. നിങ്ങളുടെ നാഥന് ഇബാദത്ത് ചെയ്യുക, അഞ്ചുനേരം നമസ്കരിക്കുക, മനസ്സന്തുഷ്ടിയോടെ സകാത്ത് കൊടുക്കുക, റമദാനിൽ വ്രതമനുഷ്ഠിക്കുക, നിങ്ങളുടെ നാഥന്റെ മന്ദിരം വന്ന് സന്ദർശിക്കുക, നിങ്ങളുടെ കൂട്ടത്തിലുള്ള ഭരണകർത്താക്കളെ അനുസരിക്കുക. എങ്കിൽ നിങ്ങളുടെ നാഥന്റെ സ്വർഗത്തിലേക്ക് പ്രവേശിക്കാം.

അല്ലയോ ജനങ്ങളേ! നിങ്ങളോട് എന്നെക്കുറിച്ച് ചോദ്യമുണ്ടാവും. എന്തായിരിക്കും നിങ്ങളുടെ മറുപടി?

'അങ്ങ് പ്രബോധനകർത്തവ്യം നിർവഹിക്കുകയും സദുപദേശം നൽകുകയും ചെയ്തുവെന്ന് ഞങ്ങൾ സാക്ഷ്യം വഹിക്കും'– ജനാവലി ഉച്ചത്തിൽ ഘോഷിച്ചു. തദനന്തരം തിരുനബി ആകാശത്തിന്റെ നേരെ വിരൽചൂണ്ടി മൂന്നു തവണ ആവർത്തിച്ചു: 'അല്ലാഹുവേ! നീ സാക്ഷി!'

അറിഞ്ഞുകൊള്ളുക, ഇവിടെ സന്നിഹിതരായവർ അസന്നിഹിതർക്ക് എത്തിച്ചുകൊടുക്കേണ്ടതാണ്. ●